(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) രണ്ടു മാസത്തെ വൈദ്യുതി ഉപഭോഗത്തിനാണ് ബില്ലു നൽകുന്നത്.

(ബി)&(സി) മീറ്റർ റീഡിംഗ് രണ്ടു മാസത്തിലൊരിക്കലാണ് എടുക്കുന്നതെങ്കിലും, അതിൻപ്രകാരമുള്ള ഉപഭോഗത്തിന്റെ പകുതി ഒരു മാസത്തെ ഉപഭോഗമായി കണക്കാക്കി ആ നിരക്കിലാണ് കറണ്ട് ചാർജ്ജ് ഈടാക്കുന്നത് എന്നതിനാൽ ഉപഭോക്താവ് ഒരിക്കലും കൂടുതൽ തുക അടയ്ക്കേണ്ടി വരുന്നില്ല. ഉപഭോക്താക്കൾ കൂടുതൽ തുക അടയ്ക്കേണ്ടി വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

13 (*189) പുരാതന കലാരൂപങ്ങൾ പരിരക്ഷിക്കുന്നതിന് നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സമൂഹങ്ങളുടെ തനത് സംസ്ക്കാരവും കലയും പരിരക്ഷിക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഇതിനായി പട്ടികവർഗ്ഗ ഊരുകൾക്കുവേണ്ടി ആരാധനാലയങ്ങളും, കമ്മ്യൂണിറ്റി ഹാളുകളും നിർമ്മിച്ചുകൊടുക്കുമോ;

(ഡി) അവരുടെ കലാരൂപങ്ങൾ അവരുടെ പുതിയ തലമുറയെ പഠിപ്പിക്കുവാനുള്ള ഏർപ്പാടുണ്ടാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി)ഉണ്ട്. ഇതിനായി 'ആദികലാകേന്ദ്രം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ സാംസ്ക്കാരിക മഹിമ പാരമ്പര്യ അറിവുകൾ മുതലായവ പ്രതിഫലിക്കുന്ന വസ്തുക്കളുടെ ശേഖരം പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. ഇത് കിർത്താർഡ്സ് മുഖേന നടപ്പിലാക്കിവരികയാണ്.

(സി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചു കൊടുക്കാറുണ്ട്.

(ഡി) ഇക്കാര്യം 'ആദികലാകേന്ദ്ര'ത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിലൊന്നാണ്.

14 (*190) വാട്ടർ ചാർജ്ജ് വർദ്ധനവ്

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) വാട്ടർ ചാർജ്ജ് ഈടാക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന മീറ്ററുകളിൽ ഒട്ടുമിക്കവയും പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 1-4-1999 മുതൽ ഒരു പ്രാവശ്യം വാട്ടർ ചാർജ്ജ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജ് 1-6-94 മുതൽ പ്രാബല്യത്തിൽ വന്നതാണ്. 1-6-93 മുതൽ പ്രതിവർഷം 15% വീതം നിരക്ക് വർദ്ധനവ് സർക്കാർ അംഗീകരിച്ചു എങ്കിലും 1-6-94 ലെ വർദ്ധനവിനുശേഷം തുടർന്നു വർദ്ധനവ് നടപ്പിലാക്കിയിരുന്നില്ല.

കുടിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഭീമമായ തുക ചിലവ് വരുന്നുണ്ട്. ഇത് കിലോ ലിറ്ററിന് 6.50ക. വരും. 1-6-94-ലെ വർദ്ധനവ് പ്രകാരം ശരാശരി 2 രൂപാ 50 പൈസ മാത്രമേ ഉപഭോക്താക്കളിൽ നിന്നും കിട്ടുന്നുള്ളൂ. സർക്കാർ നൽകുന്ന നോൺപ്ലാൻ ഗ്രാന്റ്, വാട്ടർ ചാർജ്ജിനത്തിൽ ലഭിക്കുന്ന വരുമാനം എന്നിവ കണക്കിലെടുത്താൽ പിന്നെയും പ്രതിവർഷം 25 കോടിയിൽപ്പരം രൂപ പദ്ധതി വിഹിതത്തിൽ നിന്നും വക മാറ്റി ചെലവഴിക്കേണ്ടതായി വരുന്നു.

1-6-1994 മുതൽ പ്രതിവർഷം 15% വർദ്ധനവ് കണക്കാക്കിയാൽ 1-4-99-ൽ 75% വർദ്ധനവ് എങ്കിലും ഏർപ്പെടുത്തേണ്ടി വരുമായിരുന്നു. മേൽ പ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്താണ് 1-4-99 മുതൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനമെടുത്തത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8 ലക്ഷം വാട്ടർ കണക്ഷൻ ഉള്ളതിൽ ഏകദേശം 40% വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) 20-6-1998-ലെ കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) റഗുലേഷൻ ഭേദഗതി പ്രകാരം കേടായ വാട്ടർ മീറ്ററുകൾ ഉപഭോക്താക്കൾതന്നെ കേടുപാടുകൾ തീർത്ത് മാറ്റി സ്ഥാപിക്കുവാൻ ബാദ്ധ്യസ്ഥരാണ്. എങ്കിലും വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ ഉള്ള വാട്ടർ മീറ്ററുകൾ ഉപഭോക്താവിന്റെ ചെലവിൽ മുൻഗണനാ ക്രമത്തിൽ മാറ്റിവയ്ക്കുവാൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേടായ വാട്ടർ മീറ്റർ നന്നാക്കുന്നതിന് തിരുവനന്തപുരത്ത് ഏതാനും ചിലർക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

15 (*191) ഹൈഡൽ ടൂറിസം

ശ്രീ. പി.സി. ജോർജ് :

LIBRARY ARCHIVES Kerala Legislative Assembly